"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994 - എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.01.2025-ലെ 8(1), 31.01.2025-ലെ 7(1) എന്നീ തീരുമാനങ്ങൾ തൽക്കാലത്തേക്ക് മാറ്റിവച്ചു കൊണ്ടും 15/09/2021-ലെ G.O.(Ms) No.21/2021/P&ARD ഉത്തരവ് പ്രകാരം തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.551/2026/LSGD തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14/01/2025-ലെ 8(1) നമ്പർ തീരുമാനം
2. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31/01/2025-ലെ 7(1) നമ്പർ തീരുമാനം
3. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/02/2025 ലെ എസ്.സി3-967/25 നമ്പർ കത്ത്
4. 07.03.2025 ലെ സ.ഉ.(സാധാ) നം.638/2025/LSGD
   തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു.
5. ട്രൈബ്യൂണലിന്റെ റഫറൻസ് നം.5/2025-ലെ 17/10/2025-ലെ ഉത്തരവ്.

<u>ഉത്തരവ്</u>

2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് CRZ II-ൽ ഉൾപ്പെടുന്നു. 2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം അന്തിമമാക്കിയ CRZ മാപ്പിൽ CRZ 1B-ൽ SLUICE GATE-കൾ HTL ആയി പരിഗണിക്കാതെ ജനസാന്ദ്രത കൂടിയ റസിഡൻഷ്യൽ ഏരിയകൾ ഉൾപ്പെട്ടത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA)യ്ക്ക് സമർപ്പിക്കുന്നതിനും നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235W പ്രകാരം നടപടി സ്വീകരിച്ച് UA നമ്പർ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ അനുവദിച്ചു നൽകുന്നതിനും CRZ IB-യിലെ മേൽ അപാകതകൾ സംബന്ധിച്ച് KCZMA-യ്ക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിനും ചേരാനെല്ലൂർ പഞ്ചായത്ത് സമിതി പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2) എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് 1986 പ്രകാരവും കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ പ്രകാരവും KCZMA-യുടെ അനുമതി ഇല്ലാതെ CRZ പ്രദേശത്ത് ഏതൊരു നിർമ്മാണം നടത്തുന്നതും നിയമവിരുദ്ധമാണെന്നും CRZ മേഖലയിൽ UA നമ്പർ നൽകി ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് അനുവദിക്കാൻ നിയമപ്രകാരം സാധിക്കില്ലെന്നും കൂടാതെ KCZMA-യ്ക്ക് എതിരെ ഇക്കാര്യത്തിന് കേസ് ഫയൽ ചെയ്യുന്നതിന് inter department disputes resolution കമ്മിറ്റിയുടെ ക്ലിയറൻസ് ആവശ്യമാണെന്നുമുള്ള സെക്രട്ടറിയുടെ അഭിപ്രായം പരിഗണിക്കാതെയാണ് പഞ്ചായത്ത് കമ്മിറ്റി ടി തീരുമാനം എടുത്തിരുന്നത്. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിനായി സെക്രട്ടറി സമർപ്പിച്ച നോട്ട് പ്രകാരം 31/01/2025-ലെ അടിയന്തര യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും പരാമർശം (1) പ്രകാരമുള്ള തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനങ്ങൾ പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (4) പ്രകാരം ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14/01/2025-ലെ 8(1), 31/01/2025-ലെ 7(1) എന്നീ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകയും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത റഫറൻസിൽ പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

4) പഞ്ചായത്ത് കമ്മിറ്റിയുടെ 14/01/2025, 31/01/2025 തീയതികളിലെ തീരുമാനങ്ങൾ പരിഗണിച്ച്, 15/09/2021-ലെ G.O.(Ms) No.21/2021/P&ARD ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി തർക്കവിഷയത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ സമീപിക്കേണ്ടതാണെന്നും KCZMA-യ്ക്കെതിരെ കേസ് ഫയൽ ചെയ്യാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം തൽക്കാലത്തേക്ക് മാറ്റിവയ്ക്കാവുന്നതാണെന്നും സെക്രട്ടറിമാർ തമ്മിലുള്ള ചർച്ചകളിലൂടെയോ അല്ലെങ്കിൽ തർക്കപരിഹാരത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ ഇടപെടലിലൂടെയോ തർക്കം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, അനുമതി വാങ്ങി കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 W പ്രകാരം അനധികൃതനിർമ്മാണം പൊളിച്ചുനീക്കുന്നത് വരെ, CRZ മേഖലയിലെ വീട്ടുകൾക്ക് യുഎ നമ്പർ നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ നിയമവിരുദ്ധതയോ അപാകതയോ ഇല്ലെന്നും പരാമർശം(5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.01.2025-ലെ തീരുമാനം 8(1), 31.01.2025-ലെ തീരുമാനം 7(1) എന്നിവയിലെ CRZ IB-യിലെ അപാകതകൾ സംബന്ധിച്ച് KCZMA-യ്ക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം തൽക്കാലത്തേക്ക് മാറ്റിവച്ചു കൊണ്ടും ടി തീരുമാനങ്ങൾ പരിഗണിച്ച്, 15/09/2021-ലെ G.O.(Ms) No.21/2021/P&ARD ഉത്തരവ് പ്രകാരം തർക്കവിഷയത്തിൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെ സമീപിക്കുന്നതിനും, വകുപ്പ് സെക്രട്ടറിമാർ തമ്മിലുള്ള ചർച്ചകളിലൂടെയോ അല്ലെങ്കിൽ തർക്കപരിഹാരത്തിനായുള്ള ടി ഉത്തരവ് പ്രകാരമുള്ള കമ്മിറ്റിയുടെ ഇടപെടലിലൂടെയോ തർക്കം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ, കമ്മിറ്റിയുടെ അനുമതി വാങ്ങി കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
പ്രസിഡന്റ്, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (RB1/75/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 04-03-2026 16:54:10